64-ാമത് കേരള സ്കൂൾ കലോത്സവം
2026 ജനുവരി 14 - 18 - തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ
തിയ്യതി.....................
★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 643 Participant Code: 035

വിഷയം :- നിർമ്മിതബുദ്ധി : സർഗ്ഗാത്മകതയോ സംഹാരമോ

## ആമുഖം

ഈ ആധുനിക ലോകത്തിൽ, നാം ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ് നിർമ്മിതബുദ്ധി. ലോകം മുൻ നാളുകളെക്കാൾ പുരോഗതിയിൽ ബഹുദൂരം മുൻപിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. ഏത് തരം ലോക കാര്യമായാലും നമുക്ക് ഇന്ന് അതിന്റെ വിശദാംശങ്ങൾ സ്വന്തം വിരൽത്തുമ്പിൽ ലഭ്യമാകും. ഇതിന്റെയെല്ലാം പ്രധാനപ്പെട്ട കാരണങ്ങളിൽ നാം എടുത്തുപറയേണ്ട ഒന്നാണ് നിർമ്മിതബുദ്ധി. ഇന്നത്തെ കാലത്ത് നാം കാണുന്ന എല്ലാ പുരോഗതികളുടെയും അടിസ്ഥാനം നിർമ്മിതബുദ്ധി ആയിരിക്കാം. എന്നാൽ, ഈ നിർമ്മിതബുദ്ധിക്കും രണ്ട് വശങ്ങളുണ്ട്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ

* എന്താണ് നിർമ്മിതബുദ്ധി?

മനുഷ്യൻ സ്വയമായി വികസിപ്പിച്ചെടുത്താൽ മാത്രമേ നിർമ്മിതബുദ്ധി ഉണ്ടാക്കുകയൊള്ളൂ. ഇന്ന് നമ്മുടെ ലോകം കൊടികുത്തി വാഴുന്ന നിർമ്മിതബുദ്ധിയെയും സൃഷ്ടിച്ചെടുത്തത് മനുഷ്യന്റെ സർഗ്ഗാത്മകമായ കഴിവുകൾ കൊണ്ടാണ്. മനുഷ്യൻ ഇങ്ങനെയൊരു ആശയം അവതരിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഇന്ന് നിർമ്മിതബുദ്ധിയെ നമുക്ക് ഈ ലോകത്ത് കാണാൻ സാധിക്കുകയില്ലായിരുന്നു. മനുഷ്യൻ തന്റെ തന്നെ സ്വയം ആവശ്യങ്ങൾക്കായി വികസിപ്പിച്ചെടുത്ത ഒരു അത്യാധുനിക വിദ്യയാണ് നിർമ്മിതബുദ്ധി എന്നത്. ഇപ്പോൾ മനുഷ്യന്റെ ആവശ്യങ്ങൾക്കുപരി മനുഷ്യന് ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ വരെ, മനുഷ്യന് അറിവില്ലാത്ത കാര്യങ്ങൾ പോലും നിർമ്മിതബുദ്ധി വളരെ എളുപ്പത്തോടുകൂടി ഗ്രഹിച്ചെടുക്കുന്നതായി നമുക്ക് കാണാൻ സാധിക്കും.

* ലോകം മുഴുവൻ നിർമ്മിതബുദ്ധി മയം

ഇപ്പോൾ, നമ്മുടെ ലോകത്തിന്റെ ഏത് കോണിൽ ചെന്ന് എത്തിപ്പെട്ടാലും അവിടെ നിർമ്മിതബുദ്ധിയുടെ സാന്നിധ്യം നമുക്ക് തിരിച്ചറിയാൻ സാധിക്കും. ഒരു സ്ഥലത്തേക്ക് ചെന്ന് എത്തിപ്പെടണമെങ്കിൽ വരെ നമുക്ക് ഇതിനെ ആശ്രയിക്കേണ്ടിയിരിക്കും. നമ്മുടെ ദൈനംദിന ജീവിതത്തിലെ ഏത് തരം ആവശ്യങ്ങൾക്കും, സഹായമായി നിർമ്മിതബുദ്ധിയെ നമുക്ക് ഉപയോഗപ്പെടുത്താം. ലോകം തന്റേത് മാത്രമാണ് എന്ന് കരുതുന്ന മനുഷ്യൻ പോലും ഇപ്പോൾ ഓരോ നിമിഷവും നിർമ്മിതബുദ്ധിയെ ആശ്രയിച്ചുകൊണ്ടാണ് തന്റെ ജീവിതം നയിക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം. സുസ്ഥിരതയുടെ പിറകെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിന് നിർമ്മിതബുദ്ധിയുടെ സാന്നിധ്യം വളരെ വിലപ്പെട്ടതാണ്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം
2026 ജനുവരി 14 - 18 - തൃശ്ശൂർ
64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ പ്രോഗ്രാം കമ്മിറ്റി

Item Code: 643 Participant Code: 035

* ആധുനിക ലോകത്ത് നിർമ്മിതബുദ്ധിയുടെ പ്രാധാന്യം.

ഈ ലോകം ഇപ്പോൾ കൊടികുത്തി വാണുകൊണ്ടിരിക്കുന്ന ഒന്നാണ് നിർമ്മിതബുദ്ധി എന്നത്. ഇനിയും ഇത് കൂടുതൽ പുരോഗതിക്കിലേക്ക് ചെന്ന് എത്തിയേക്കാം. ഇപ്പോൾ ഈ ഭൂമിയിൽ ജീവിക്കുന്ന ഒരു മനുഷ്യൻ പോലും , തന്റെ ഒരു ദിവസത്തെ എങ്കിലും ഒരു ആവശ്യം നിർമ്മിതബുദ്ധിയോട് സഹായം ആവശ്യപ്പെടാതെ ചെയ്യുകയില്ല. കാരണം, തന്നെ സൃഷ്ടിച്ച മനുഷ്യന്റെ മീതെ നിർമ്മിതബുദ്ധി എത്തിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യന് ചെയ്യാൻ പറ്റാത്ത പല കാര്യങ്ങളും തനിക്ക് ചെയ്യാൻ സാധിക്കുമെന്ന് ഓരോ നിമിഷവും നിർമ്മിതബുദ്ധി തെളിയിച്ചുകൊണ്ടിരിക്കുന്നു.

എല്ലാ മേഖലകളിലും നമുക്ക് ഇപ്പോൾ നിർമ്മിതബുദ്ധിയുടെ പങ്ക് കാണാൻ സാധിക്കും. പരിസ്ഥിതി, ആരോഗ്യം

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വിദ്യാഭ്യാസം, കൃഷി, ബാങ്കിംഗ് അങ്ങനെ നീണ്ടുപോകുന്നു മേഖലകൾ. ഇതിലൂടെ നമുക്ക് ഭാവിയിൽ ലോകത്തെ കൂടുതൽ സുസ്ഥിരതയിലേക്ക് കൊണ്ടുപോകാൻ സാധിക്കും എന്നാണ് നാം വിചാരിക്കുന്നത്. ചുരുക്കി പറഞ്ഞാൽ ഭൂഗോളത്തിന്റെ സ്പന്ദനം ഇപ്പോൾ നിർമ്മിതബുദ്ധിയാണ് എന്ന് നമുക്ക് പറയേണ്ടി വരും.

* നിർമ്മിതബുദ്ധി പരിസ്ഥിതി മേഖലയിൽ

പ്രകൃതി ഇല്ലെങ്കിൽ ഭൂമിയിൽ മനുഷ്യന് തന്റെ ജീവിതം മുന്നോട്ട് നയിക്കാൻ കഴിയുകയില്ല. മനുഷ്യന് ഭാവിയിൽ മുന്നോട്ട് ഈ ഭൂമിയിൽ ജീവിക്കണമെങ്കിൽ പ്രകൃതി വിഭവങ്ങൾ ഉണ്ടായേ തീരൂ. ഈ പ്രകൃതി മേഖലയിൽ വളരെയധികം മാറ്റങ്ങൾ കൊണ്ടുവരാൻ നിർമ്മിതബുദ്ധിക്ക് ഇപ്പോൾ കഴിഞ്ഞിരിക്കുന്നു. മനുഷ്യന്റെ അധ്വാനം കൂടാതെ തന്നെ പ്രകൃതി വിഭവങ്ങൾ സൃഷ്ടിക്കാൻ

നിർമ്മിതബുദ്ധിക്ക് ഇപ്പോൾ സാധിക്കുന്നു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ്, 2025-ൽ മഹാരാഷ്ട്രയിൽ ഡ്രോണുകൾ ഉപയോഗിച്ച് തേയില തോട്ടങ്ങളിൽ ജലം ലഭ്യമാക്കുന്നു എന്ന വാർത്ത. ലോകത്തിന്റെ മുഴുവൻ ശ്രദ്ധ നേടിയ ഒരു വാർത്ത ആയിരുന്നു ഇത്. ഇതിലൂടെ കാർഷിക മേഖലയിലും, പാരിസ്ഥിതിക മേഖലയിലും നിർമ്മിതബുദ്ധി എത്രമാത്രം മാറ്റം കൊണ്ടുവന്നു എന്ന് നമുക്ക് കാണാൻ സാധിക്കും. ഇതുപോലെ, നിരവധി സംഭവങ്ങളാണ് ലോകത്ത് ഇപ്പോൾ അരങ്ങേറുന്നത്. ഇതിലൂടെ, ഭാവിയിൽ കാർഷിക, പാരിസ്ഥിതിക മേഖലകളിൽ മനുഷ്യന്റെ സാന്നിധ്യം ഇല്ലാതാകുമോ എന്നു വരെ നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

## * നിർമ്മിതബുദ്ധിയും ആരോഗ്യവും

ആരോഗ്യ രംഗത്തും നിർമ്മിതബുദ്ധി

തിരുത്തി......... പ്രോഗ്രാം കമ്മിറ്റി

തന്ത്രായ കണ്ട്യാച്ചുകൾ പതിപ്പിച്ചുകഴിഞ്ഞു. ലോകത്തിൽ ജീവിക്കുന്ന ഒരു ഭൂരിഭാഗം ശതമാനം ആളുകളുടെയും ദൈനംദിന ജീവിതത്തിൽ ആരോഗ്യവും, ഭക്ഷണവും എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കുന്നത് നിർമ്മിതബുദ്ധിയാൽ ഉണ്ടാക്കിയ മൊബൈൽ ആപ്പുകളാണ്. എത്രമാത്രം, ~~എന്തെ~~ എന്തൊക്കെ അടങ്ങിയ ഭക്ഷണം മനുഷ്യൻ ഒരു ദിവസം കഴിക്കണം എന്ന് തീരുമാനിക്കുന്നത് ഇപ്പോൾ ഇങ്ങനെയാണ്.

കൂടാതെ, പല ആശുപത്രികളിലും ഇപ്പോൾ റോബോട്ടിക് സർജറി പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്ന നാളുകളാണ്. അവയവ മാറ്റ പ്രക്രിയകളിലും നിർമ്മിതബുദ്ധി നിസാരമല്ലാത്ത പങ്ക് വഹിക്കുന്നതായി നമുക്ക് കാണാം. ചുരുക്കി പറഞ്ഞാൽ മനുഷ്യ ശരീരത്തിലേക്കു വരെ നിർമ്മിതബുദ്ധി കടന്നുകയറിയിരിക്കുന്നു എന്ന് പറയാം.

*

# നിർമ്മിതബുദ്ധിയും പണം ഇടപാടുകളും

മനുഷ്യൻ ഈ ലോകത്ത് ഏറ്റവുമധികം നേടണമെന്ന് ആഗ്രഹിക്കുന്ന ഒന്നാണ് പണം. പണം ഇല്ലാതെ ഒരാൾക്ക് പോലും നമ്മുടെ ലോകത്ത് ഇപ്പോഴത്തെ സാഹചര്യത്തിൽ ജീവിക്കാൻ കഴിയുകയില്ല. എന്നാൽ, ഇവിടെയും നിർമ്മിതബുദ്ധി ഇപ്പോൾ ഒരു മാധ്യമമായി കടന്നുവന്നിരിക്കുകയാണ്. ഇപ്പോൾ പണത്തെക്കാൾ കൂടുതൽ നാം ഉപയോഗിക്കുന്നത്, യു.പി.ഐ മൊബൈൽ ആപ്പുകളാണ്. ഇവയുടെ സഹായത്താലാണ് നാം കൂടുതൽ പണം ഇടപാടുകളും ഇപ്പോൾ നടത്തുന്നത്. നമുക്ക് കൂടുതൽ എളുപ്പവും സൗകര്യപ്രദമായതും അതു തന്നെയാണ്.

ഇതിലൂടെ, മനുഷ്യന്റെ ഓരോ അത്യാവശ്യ കാര്യങ്ങളിലേക്കും നിർമ്മിതബുദ്ധി എത്രമാത്രം ആഴത്തിൽ ഇറങ്ങിച്ചെന്നു എന്ന് നമുക്ക് മനസ്സിലാക്കാം.

64-ാമത് കേരള സ്കൂൾ കലോത്സവം തിയതി പ്രോഗ്രാം കമ്മിറ്റി

# * നിർമ്മിതബുദ്ധിയും വിദ്യാഭ്യാസവും

ഇപ്പോൾ നിർമ്മിതബുദ്ധി ഏറ്റവും കൂടുതൽ ലഭ്യമാകുന്നതും, ഉപകാരപ്രദമാക്കാൻ നമുക്ക് സാധിക്കുന്നതും വിദ്യാഭ്യാസ മേഖലയിലാണ്. ഈ ലോകത്തിന്റെ എവിടെ നടക്കുന്ന എന്ത് കാര്യങ്ങളെ പറ്റിയും ഇതിലൂടെ നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. അത് നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമാവുകയും ചെയ്യും. ഗൂഗിൾ, ചാറ്റ് ജി.പി.ടി പോലുള്ള മൊബൈൽ ആപ്പുകൾ ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്.

കൂടാതെ, തന്നെ അധ്യാപകർക്ക് പകരം ചില രാജ്യങ്ങളിലും ഇപ്പോൾ ഹ്യൂമനോയിഡ് റോബോട്ടുകളാണ് സേവനം അനുഷ്ഠിക്കുന്നത്. ഇത് ഭാവിയിലേക്കുള്ള വലിയൊരു മാറ്റമായി നമുക്ക് കാണാൻ സാധിക്കും.

* നിർമ്മിതബുദ്ധി
ലോകത്തിന് പുറത്തും

നമ്മുടെ ഭൂമിയുടെ പുറത്തും നമുക്ക് നിർമ്മിതബുദ്ധിയുടെ സാംഭാവനകൾ കാണാൻ സാധിക്കും. ബഹിരാകാശ പര്യവേഷണ രംഗങ്ങളിൽ വലിയൊരു മുതൽക്കൂട്ടായി മാറിയിരിക്കുകയാണ് ഇപ്പോൾ നിർമ്മിതബുദ്ധി. 2030-ൽ നാസ റോബോട്ടുകളെ ചന്ദ്രനിൽ എത്തിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കു-ന്നത്.

ഇതിലൂടെ, നിർമ്മിതബുദ്ധിയുടെ സാധ്യതകൾ എത്രമാത്രം വളർന്നു-കൊണ്ടിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇവ കൂടാതെ തന്നെ ലോകത്തിലെ എല്ലാ മേഖ-ലകളിലും നിർമ്മിതബുദ്ധി തന്റെ സർഗ്ഗാത്മകത പ്രതിഫലിപ്പിച്ചുകൊ-ണ്ടിരിക്കുന്നു.

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

* നിർമ്മിതബുദ്ധിയുടെ
സംഹാരകത

ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണ് നിർമ്മിതബുദ്ധി. അതിന് നല്ല വശവും ഉണ്ട്, എന്നാൽ ദൂഷ്യ വശവും ഉണ്ട്. നിർമ്മിതബുദ്ധിയുടെ നല്ല വശങ്ങൾ മാത്രം ഉപയോഗപ്പെടുത്തിയാൽ കൂടുതൽ അറിവുകൾ നേടാനും, കൂടുതൽ ഉയരങ്ങൾ കീഴടക്കാനും നമുക്ക് സാധിക്കും. അവ നമുക്ക് ഗുണം മാത്രമേ സംഭാവന ചെയ്യുകയുള്ളൂ. അതിലൂടെ ഭാവിയിൽ കൂടുതൽ സുസ്ഥിരത നേടാനും നമുക്ക് സാധിക്കും.

എന്നാൽ, അതിന്റെ ദൂഷ്യ വശമാണ് നമ്മൾ ഉപയോഗിക്കുന്നതെങ്കിൽ ജീവിതത്തിൽ വലിയൊരു പടുകുഴിയിലേക്കായിരിക്കും നമ്മുടെ വീഴ്ച. ചിന്നിട്ട് അതിൽനിന്ന് നമുക്ക് കരകയറാൻ പറ്റണമെന്നില്ല.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

അതുകൊണ്ട് നാം വളരെയധികം സൂക്ഷ്മ-
തയോട് കൂടി കൈകാര്യം ചെയ്യേണ്ട
ഒന്നാണ് നിർമ്മിതബുദ്ധി. ഒരേ സമയം
നമുക്ക് ഉപകാരവും, ദോഷവും അത്
സമ്മാനിച്ചേക്കാം.

കുട്ടികളാണ് ഇപ്പോഴത്തെ
കാലത്ത് ഇതിന്റെ പടുകുഴികളിൽ
കൂടുതലായി ചെന്ന് വീഴുന്നത്. ഭാവിയിലെ
വാഗ്ദാനങ്ങളാണ് ഇന്നത്തെ
കുട്ടികൾ. അവർ ശരിയായ മാർഗ്ഗത്തി-
ലൂടെയല്ല സഞ്ചരിക്കുന്നതെങ്കിൽ ഭാവി-
യിൽ ലോകത്തിന്റെ അവസ്ഥ എന്താ-
കുമെന്ന് നമുക്ക് പറയാൻ സാധിക്കു-
കയില്ല.

## * കൂട്ടുകാരെ ചതിക്കുന്ന ചങ്ങാതി

അതെ, കൂട്ടുകാരെ കൂടെ നിന്ന്
ചതിക്കുന്ന ഒരു ചങ്ങാതി തന്നെയാണ്
നിർമ്മിതബുദ്ധി. നമ്മളെ തെറ്റായത്
ചെയ്യാൻ പ്രേരിപ്പിച്ച് കുഴപ്പത്തിലാക്കും.

അതാണ് ഇവയുടെ പ്രത്യേകത. എന്നാൽ അതിൽ ഒന്നും വീണുപോകാതെ അറിവുകൾ നേടാനായി മാത്രം നിർമ്മിതബുദ്ധിയുടെ സഹായം തേടി-യാൽ തീർച്ചയായും ശരിയായ പാതയി-ലൂടെ നമുക്ക് ജീവിതം നയിക്കാൻ സാധിക്കും. മറിച്ചാണെങ്കിൽ, നമ്മുടെ ഭാവി കൂടുതൽ ദുഷ്കരം ആവുകയാണ് ചെയ്യുന്നത്. അങ്ങനെ എത്തിപ്പെടാതിരിക്കാൻ വേണ്ടിയാണ് നാം പരിശ്രമിക്കേണ്ടത്.

അറിവ് നേടാനായി നിർമ്മിതബുദ്ധിയുടെ സഹായം തേടുന്നതുകൊണ്ട് കുഴപ്പങ്ങൾ ഒന്നും ഉണ്ടാവുകയില്ല. എന്നാൽ, മറ്റ് ദുഷ്പ്രവൃത്തികൾക്കായി അത് ഉപയോഗിക്കുമ്പോഴാണ് നമ്മൾ തെറ്റിന്റെ വലിയൊരു പടുകുഴിയിലേക്ക് ചെന്ന് വീഴുന്നത്. ഇന്നത്തെ സമൂഹത്തിൽ ഓരോ ദിവസവും പത്രമാധ്യമങ്ങളിലൂടെ നാം ഇത്

തിരിച്ചറിയാനുള്ളതാണ്. അതിന്റെ പടുകുഴിയിൽ ചെന്ന് വീണ് കഴിഞ്ഞാൽ പിന്നെ ഒരിക്കലും നമുക്ക് അതിൽനിന്ന് മോചനം ഉണ്ടാവുകയില്ല. എന്നാൽ, അതിനുമുൻപ് നമ്മുടെ തെറ്റുകൾ മനസ്സിലാക്കി തിരുത്താൻ കഴിഞ്ഞാൽ വലിയൊരു ആപത്തിൽനിന്ന് ആയിരിക്കും നാം രക്ഷപെടുക.

* ഏറിവരുന്ന സൈബർ കുറ്റകൃത്യങ്ങൾ

ഓരോ ദിവസത്തെയും പത്ര- മാധ്യമങ്ങൾ ശ്രദ്ധിച്ചാൽ നമുക്ക് മനസ്സിലാകും, ഓരോ ദിവസവും നമ്മുടെ സമൂഹത്തിൽ സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം ഏറി വരികയാണ് എന്നത്. ഒരു ദിവസത്തെ പത്രത്തിൽ പോലും ഇത്തരമൊരു വാർത്ത കാണാതിരിക്കാൻ നമുക്ക് കഴിയില്ല.

കാരണം അത്രമാത്രം അധഃപതനത്തി-
ലേക്കാണ് നമ്മുടെ സമൂഹം നീങ്ങി-
ക്കൊണ്ടിരിക്കുന്നത്. ഇത് അവസാനി-
പ്പിക്കാതിരുന്നാൽ ഭാവിയിൽ വലിയ
തിരിച്ചടികൾ ആയിരിക്കും നാം നേരി-
ടാൻ പോകുന്നത്.

നിർമ്മിതബുദ്ധി തെറ്റായ
രീതിയിൽ ഉപയോഗിക്കുമ്പോഴാണ്
അത് സൈബർ കുറ്റകൃത്യങ്ങളിലേക്ക്
നീങ്ങുന്നത്. ഇത്തരം കുറ്റകൃത്യങ്ങൾ
വളരെ ഏറെയായി കണ്ട് വരുന്നു
ഇപ്പോൾ. കുറച്ചു നാളുകൾക്ക്
മുൻപ് നമ്മളെ ഒന്നാകെ ഞെട്ടിച്ച
ഒരു സംഭവമായിരുന്നു 'ഡീപ് ഫേക്ക്'
എന്നത്. ഇത്തരം സൈബർ
കുറ്റകൃത്യങ്ങളിലൂടെ അത് ചെയ്ത
ആളുടെ ജീവിതത്തിനുപരി അതിന്
ഇരയായ ആളുടെ ജീവിതമാണ്
അവിടെ നഷ്ടപ്പെടുന്നത് എന്ന്
നമുക്ക് കാണാൻ സാധിക്കും.

ഒരാളുടെ വ്യക്തിപരമായ കാര്യങ്ങളാണ് അവിടെ കൈയ്യേറ്റം ചെയ്യപ്പെടുന്നത്. നിർമ്മിതബുദ്ധിയുടെ തെറ്റായ അതിപ്രസരം കാരണം സംഭവിക്കുന്ന സംഭവവികാസങ്ങളാണ് ഇവ. ഇത്തരം കുറ്റകൃത്യങ്ങളിൽ ചെന്ന് എത്തിപ്പെടാതിരിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്.

* സൈബർ കുറ്റകൃത്യങ്ങളെ എങ്ങനെ തടയാം?

സൈബർ കുറ്റകൃത്യങ്ങൾ നമ്മുടെ ലോകത്ത് ഓരോ ദിവസം കൂടും തോറും വർദ്ധിച്ചുവരുന്ന സാഹചര്യമാണ് ഇപ്പോൾ കണ്ടുവരുന്നത്. ഇത് ചെയ്യുന്നവരെ കൃത്യമായ ശിക്ഷക്ക് വിധിക്കുന്നതിലൂടെ ഒരു പരിധി വരെ നമുക്ക് സൈബർ കുറ്റകൃത്യങ്ങളെ തടയാൻ സാധിക്കും എന്നത് തീർച്ച. സ്വയമായി ഇങ്ങനെ ചെയ്യാതിരിക്കുക എന്നതാണ് നാം

ആദ്യം ചെയ്യേണ്ടത്. കൂടാതെ തന്നെ ഇത് ചെയ്യാൻ ഉതകുന്ന മറ്റുള്ളവരെ പറഞ്ഞ് മനസ്സിലാക്കി ഇതിൽനിന്ന് വ്യതിചലിപ്പിക്കുന്നതിലൂടെ നമുക്ക് വലിയൊരു മാറ്റം സമൂഹത്തിൽ സൃഷ്ടിച്ചെടുക്കാൻ സാധിക്കും എന്നത് ഉറപ്പാണ്.

സൈബർ കുറ്റകൃത്യങ്ങളിലൂടെ ഉണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റിയും അതിന്റെ അനന്തരഫലങ്ങളെപ്പറ്റിയും മറ്റുള്ളവർക്ക് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുന്നതിലൂടെ ഒരു പരിധി വരെ നമ്മുടെ സമൂഹത്തിൽനിന്ന് ഇതിനെ തടയാൻ നമുക്ക് സാധിക്കും. എന്നാൽ, മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ ഈ ലോകത്തിന്റെ ഭാവി എന്താകുമെന്ന് നാം കണ്ടു തന്നെ അറിയേണ്ടിയിരിക്കുന്നു.

* ഭാവിപാത

നിർമ്മിതബുദ്ധി നമ്മുടെ ലോകം ഭരിക്കാൻ പോകുന്ന കാലഘട്ടമാണ് ഇനി ഭാവിയിൽ നമ്മൾ കാണാൻ ഇരിക്കുന്നത്. എന്നാൽ, സർഗ്ഗാത്മകതയിലൂടെ അതിനെ നേരിട്ടാൽ ഭൂമിക്കും, ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനും പൂർണ്ണമായും ഉപകാരപ്രദമായ രീതിയിലായിരിക്കും ഭാവിയിൽ നിർമ്മിതബുദ്ധി പ്രവർത്തിക്കാൻ പോകുന്നത്. ഇനിയും നിരവധി നേട്ടങ്ങൾ വിവിധ മേഖലകളിലായി നേടാൻ നിർമ്മിതബുദ്ധി നമ്മെ സഹായിക്കുകയും ചെയ്യും.

എന്നാൽ മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ നിർമ്മിതബുദ്ധിയുടെ അതിപ്രസരം കൊണ്ട് സംഹാരതാണ്ഡവം ആടുന്നതായിരിക്കും ഭാവിയിൽ നാം കാണേണ്ടത്.

അതിനാൽ ശരിയായ രീതിയിൽ മാത്രം നിർമ്മിത ബുദ്ധിയെ ഉപയോഗിച്ച് ഭാവിയിൽ നേട്ടങ്ങൾ കൊയ്യാനാണ് നാം ശ്രമിക്കേണ്ടത്. എങ്കിൽ, നമുക്ക് സുസ്ഥിരമായൊരു ഭാവി ലഭിക്കുക തന്നെ ചെയ്യും

* ഉപസംഹാരം

ഭാവിയിൽ തെറ്റായ രീതിയിലാണെങ്കിലും ശരിയായ രീതിയിൽ ആണെങ്കിലും ദ്രാസത്വരകമായ മാറ്റങ്ങൾ ലോകത്തിൽ ഉണ്ടാക്കാൻ സാധിക്കുന്ന ഒന്നാണ് നിർമ്മിതബുദ്ധി അഥവാ മനുഷ്യൻ നിർമ്മിച്ച ബുദ്ധി. ഇവയെ ശരിയായ രീതിയിൽ മാത്രം ഉപയോഗിച്ച് നല്ലൊരു ഭാവിയെ വാർത്തെടുക്കുക എന്നതായിരിക്കണം നാം ഓരോരുത്തരുടെയും

ലക്ഷ്യം തെറ്റായ രീതിയിൽ ഉപയോഗിച്ച്
പാഴാക്കി കളയേണ്ട ഒന്നല്ല നിർമ്മിത-
ബുദ്ധി എന്നത്. ഭാവിയിൽ നമുക്ക്
വളരെയധികം ഉപകാരപ്രദമായി
ഇത് മാറട്ടെ. സംഹാരത്തിലുപരി
സർഗ്ഗാത്മകത ആയി തീരട്ടെ നിർമ്മിത-
ബുദ്ധി. അതിനായി നമുക്ക് ഒത്തൊ-
രുമിച്ച് പരിശ്രമിക്കാം.